ജലഗതാഗത വകുപ്പ്

209 (910) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ ചെലവും വരുമാനവും തമ്മിലുള്ള അന്തരം ഭീമമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഉൾനാടൻ ജലഗതാഗത പദ്ധതി

210 (911) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കേന്ദ്ര ധനസഹായ പദ്ധതി പ്രകാരം ഉൾനാടൻ ജലഗതാഗത പദ്ധതിക്കായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽനിന്നും ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(സി) ഉൾനാടൻ ജലഗതാഗത പദ്ധതികൾക്കായി പുതുതായി കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന് വീഴ്ച വന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പുതിയ പദ്ധതികൾക്കായി കേന്ദ്രത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13-ാം ധനകാര്യ കമ്മിഷനിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലഗതാഗത പദ്ധതിക്കായി 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ഉൾനാടൻ ജലപാതയുടെ വിവിധ ഭാഗങ്ങളിലുള്ള പ്രവൃത്തികൾക്കായി നാളിതുവരെ 58.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

GPM 2/238/2020-37

LIBRARY ARCHIVES Kerala Legislative Assembly